ഉത്തരം

(എ) 75 പേർക്ക്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

തടവുകാരനെ മർദ്ദിച്ച സംഭവം

404. [514] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ജീവപര്യന്തം തടവുകാരനായി കഴിയുന്ന പി. സനൽകുമാറിനെ ജയിൽ അധികൃതർ ക്രൂരമായി മർദ്ദിച്ചുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് തടവുകാരിൽനിന്നും വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ജയിൽ അധികൃതരുടെ ഇത്തരം നടപടി അവസാനിപ്പിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മർദ്ദനം നടന്നിട്ടില്ല.

(ബി) ഇല്ല.

(സി, ഡി) ഉദിക്കുന്നില്ല.

തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാരുടെ നിരാഹാര സത്യാഗ്രഹം

405. [515] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ സി. നമ്പർ 7788 8631, 4587 തടവുകാരനായ കുര്യൻ ജോസഫ്, ആൽബി, ഗോപി എന്നിവർ ആരംഭിച്ച നിരാഹാര സത്യാഗ്രഹം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) നിരാഹാരസത്യാഗ്രഹത്തിനാധാരമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) അവയിൽ ഏതൊക്കെ ആവശ്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമാപ്പു നൽകി മോചിപ്പിക്കുവാനുള്ള ഉത്തരവിനായി സി. നമ്പർ 7788 കുര്യൻ സി. നമ്പർ. 8631 ആൽബി എന്നിവർ നിരാഹാരം ആരംഭിച്ചത്. സി. നമ്പർ 4587 ഗോപി മേൽ ആവശ്യത്തോടൊപ്പം മറ്റ് കുറെ ആവശ്യങ്ങളും ഉൾപ്പെടുത്തി ഒരു ഹർജി സമർപ്പിച്ചിട്ടുണ്ട്. അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. [അനുബന്ധമായി ചേർത്തിരിക്കുന്നു†]

† അനുബന്ധം—III.

LIBRARY ARCHIVES Kerala Legislative Assembly